**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - പൊതു ഭരണ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II ആയ ശ്രീമതി. സന്ധ്യ.ഡി യ്ക്ക് ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് അന്യത്രസേവന വ്യവസ്ഥയിലുള്ള നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1596/2019/ തസ്വഭവ തീയതി, തിരുവനന്തപുരം.27/07/2019**

---

പരാമർശം :1) സർക്കുലർ നം.42/13/ഫിൻ തീയതി: 10/03/2013.

2) ശ്രീമതി. സന്ധ്യ.ഡി യുടെ 26.06.2019 ലെ അപേക്ഷ.

3) ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 05.07.2019 ലെ ES-2567/2019 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് പൊതു ഭരണ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II ആയ ശ്രീമതി. സന്ധ്യ.ഡി യ്ക്ക് അന്യത്രസേവന വ്യവസ്ഥയിലുള്ള നിയമനം നല്കണമെന്നഭ്യർഥിച്ച് പരാമർശം (2) പ്രകാരം ടിയാൾ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടിയാൾക്ക് അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമനം നല്കുന്നതിൽ വിയോജിപ്പില്ലെന്ന് പരാമർശം (3) പ്രകാരം ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(1) സർക്കുലറിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പൊതു ഭരണ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II ആയ ശ്രീമതി. സന്ധ്യ.ഡി യ്ക്ക് ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ കെ.എസ്.ആർ.ഭാഗം ഒന്ന് ചട്ടം 140 (സി) യിലെ വ്യവസ്ഥകൾക്ക് വിധേയമായി ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്ത പക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥയെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃ വകുപ്പിലേക്ക് തിരിച്ചു പോകാതിരിക്കുകയും ചെയ്താൽ ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല. കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്ര സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ടിയാളെ ശമ്പളവും മറ്റ് അലവൻസുകളും

കൈപ്പറ്റുന്നതിൽ നിന്നും വിലക്കേണ്ടതുമാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കുന്നതല്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ.ബി**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പൊതു ഭരണ(സർവീസസ് ഇ) വകുപ്പ്.
പ്രസിഡന്റ്/സെക്രട്ടറി, ആലപ്പുഴ ജില്ലാ പഞ്ചായത്ത്, ആലപ്പുഴ
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള. തിരുവനന്തപുരം.
ശ്രീമതി. സന്ധ്യ.ഡി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II, പൊതു ഭരണ വകുപ്പ് (പൊതു ഭരണ വകുപ്പ് മുഖേന).
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ്(വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.(ഇപിഎ 1/138/2019/ തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ